വി.ആർ. കൃഷ്ണയ്യർ: അയോധ്യാവിധി രാജ്യത്തിന്റെ നിയമവ്യവസ്ഥയ്ക്ക് ദുഷ്പേര് വരുത്തുകയും ആകെ തകരാറിലാക്കിയിരിക്കുകയുമാണ്. ഇത് നമുക്ക് ഒരു പാഠമാകണം. ഇന്നത്തെ നിയമവ്യവസ്ഥ മാറ്റേണ്ടതിന്റെ ആവശ്യകത എന്ത് എന്ന് ഇനി ചോദിച്ചാൽ, നോക്കൂ, അയോധ്യാകേസിലെ വിധി എന്നാണ് ഞാൻ പറയുക.

2010 നവംബർ 7
വില ₹ 12

# മാതൃഭൂമി
ആഴ്ചപ്പതിപ്പ്

## സുകുമാർ അഴീക്കോടും അടിയന്തരാവസ്ഥയും



## എൻഡോസൾഫാനും രാഷ്ട്രീയത്തിലെ അവിഹിത ബന്ധങ്ങളും

## ഓർമയുണ്ടോ ഫുൽമണിയെയും ഷാബാനുവിനെയും? ആനന്ദ് ചോദിക്കുന്നു



ഇത്തവണത്തെ സ്റ്റോക്ക്ഹോം സമ്മേളനത്തിന്റെ സമാപനരംഗം

# ഇന്ത്യക്കാരനായതിൽ നാണിച്ച അഞ്ച് ദിവസങ്ങൾ

സി. ജയകുമാർ

**എൻഡോസൾഫാനെതിരെ ലോകമെങ്ങുമുയർന്ന ജാഗ്രതയ്ക്കു മുന്നിൽ ഇന്ത്യ പരിഹാസ്യമായതിന്റെ ദൃക്സാക്ഷിവിവരണം. എൻഡോസൾഫാൻ നിരോധിക്കണമെന്ന ലോകസമൂഹത്തിന്റെ ആവശ്യത്തിനു മുന്നിൽ കീടനാശിനി കമ്പനികളുടെ താത്പര്യ സംരക്ഷകരായി പ്രത്യക്ഷപ്പെടുകയായിരുന്നു ഇന്ത്യ. ജനീവയിൽ നടന്ന പോപ്സ് കൺവെൻഷനിൽ പങ്കെടുത്ത ലേഖകന്റെ അനുഭവവിവരണം.**

1998-ൽ ഐക്യരാഷ്ട്രസഭ ചുമതലപ്പെടുത്തിയതുകൊണ്ട് ഐക്യരാഷ്ട്ര പരിസ്ഥിതി പരിപാടിയുടെ നേതൃത്വത്തിൽ വിവിധ രാജ്യങ്ങളിൽനിന്നുള്ള സർക്കാർ പ്രതിനിധികളും അന്താരാഷ്ട്ര സംഘടനകളും വ്യവസായങ്ങളുടെ പ്രതിനിധികളും സന്നദ്ധസംഘടനകളും ചേർന്ന് സ്ഥാവരകാർബിക രാസവിഷങ്ങളെ നിയന്ത്രിക്കാനായി അംഗരാജ്യങ്ങൾക്ക് നിയമപരമായി ബാധ്യതയുള്ള ഉടമ്പടി തയ്യാറാക്കാൻ പ്രവർത്തനം തുടങ്ങി. 2001 മെയ് മാസത്തിൽ സ്വീഡനിലെ സ്റ്റോക്ക്ഹോം നഗരത്തിൽവെച്ച് ഒപ്പുവെച്ച ഈ ഉടമ്പടി സ്റ്റോക്ക്ഹോം കൺവെൻഷൻ ഓൺ പെർസിസ്റ്റൻറ് ഓർഗാനിക് പൊല്യൂട്ടൻറ് (Stocholm Convention on Persistant Pollutants) അഥവാ POPs convention എന്നപേരിൽ അറിയപ്പെടുന്നു. 1998-ൽ പെറിയയിലെ ലീലകുമാരി അമ്മ ആവശ്യപ്പെട്ടതുകൊണ്ട് കശുമാവിൻ തോട്ടങ്ങൾക്ക് അരികിലെ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണം എൻഡോസൾഫാൻ ആണോ എന്ന അന്വേഷണം തണൽ ആരംഭിച്ചു. അന്വേഷണങ്ങൾക്കിടയിലാണ് POPs Convention-ന്റെ പ്രാരംഭലിസ്റ്റിൽ ഉൾപ്പെടുത്തിയ പന്ത്രണ്ട് രാസവസ്തുക്കളുടെ കൂടെ എൻഡോസൾഫാൻ കൂടി ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് ഉത്തരധ്രുവത്തിലെ ആദിവാസി സമൂഹങ്ങളെ പ്രതിനിധീകരിക്കുന്നവരും ഫിലിപ്പീൻസിൽ നിന്നുള്ള പ്രവർത്തകരും ജനീവയിൽ നടന്ന INC-3 (Inter Governmental Negotiating Committee)-യിൽ ആവശ്യപ്പെട്ടതായി അറിയുന്നത്. 2000 മാർച്ചിലാണ് എൻഡോസൾഫാനെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ ശേഖരിക്കാനായി INC-4-ന് തണലിനെ പ്രതിനിധീകരിച്ച് ഈ ലേഖകൻ പങ്കെടുക്കുന്നത്. തു

ടർന്ന് കഴിഞ്ഞ 10 വർഷങ്ങളായി അന്താരാഷ്ട്ര സമൂഹം POPs Convention-നുമായി ബന്ധപ്പെട്ട് നടത്തിയ പ്രധാന മീറ്റിങ്ങുകളിലെല്ലാം നിരീക്ഷകനായി (Observer) പങ്കെടുക്കാൻ സാധിച്ചു. അന്താരാഷ്ട്ര നിയമനിർമാണത്തിനിടയിൽ താഴെത്തട്ടിലുള്ള പ്രശ്നങ്ങളെ അന്താരാഷ്ട്രതലത്തിലുള്ള പരിസ്ഥിതിപ്രശ്നങ്ങളുമായി ബന്ധപ്പെടുത്താനും രാസസുരക്ഷയുമായി ബന്ധപ്പെട്ട് ഏറ്റവും പുതിയ പഠനങ്ങളും വിവിധ രാജ്യങ്ങൾ സ്വീകരിക്കുന്ന നിയമനടപടികളെക്കുറിച്ചും അടുത്തറിയാനും ഈ യാത്രകൾ സഹായിച്ചു. ഓരോ പഠനയാത്രയിൽ നിന്നും തിരിച്ചുവരുമ്പോൾ എന്തുകൊണ്ടാണ് തയ്യാറെടുപ്പ് ഇല്ലാതെയും താത്പര്യമില്ലാതെയും വേണ്ടത്ര പഠിക്കാതെയും ഇന്ത്യൻ പരിസ്ഥിതിവകുപ്പ് പ്രതിനിധികൾ പങ്കെടുക്കുന്നത് എന്നത് വേദനയോടെ തിരിച്ചറിയുന്നുണ്ടായിരുന്നു.

എൻഡോസൾഫാൻ സംബന്ധിച്ച് പോപ്പ്സ് കൺവെൻഷന്റെ പോപ്പ് റിവ്യൂ കമ്മിറ്റിയുടെ ആറാമത്തെ മീറ്റിങ്ങിൽ പങ്കെടുക്കാനായി ഒക്ടോബർ 10-ാം തീയതിയാണ് ജനീവയിൽ എത്തിയത്. 2007-ലാണ് യൂറോപ്യൻ യൂണിയൻ പോപ്പ് റിവ്യൂ കമ്മിറ്റിയുടെ മുൻപാകെ എൻഡോസൾഫാൻ നോമിനേറ്റ് ചെയ്തത്. 2008-ലും 2009-ലും നടന്ന മീറ്റിങ്ങുകളിൽ എൻഡോസൾഫാൻ ഒരു സ്ഥാവരിക കാർബണിക രാസവിഷങ്ങളുടെ പട്ടികയിൽ പെടുത്തേണ്ടുന്ന കീടനാശിനി ആണെന്ന് തീരുമാനിച്ചു. 2010-ലെ ഈ ആറാമത്തെ മീറ്റിങ്ങിൽ എൻഡോസൾഫാനു പകരം എന്തൊക്കെ ലഭ്യമാണെന്നും എൻഡോസൾഫാൻ നിരോധനം നടപ്പിലാക്കുകയാണെങ്കിൽ ഉണ്ടാകാൻ ഇടയുള്ള പ്രശ്നങ്ങൾ വിലയിരുത്തുക എന്നതും മീറ്റിങ്ങിന്റെ അജൻഡയായിരുന്നു. പോപ്പ് റിവ്യൂ കമ്മിറ്റിയുടെ നിർദേശങ്ങൾ അടുത്തവർഷം ചേരാനിരിക്കുന്ന പോപ്പ്സ് കൺവെൻഷൻ പരിഗണിച്ച് തീരുമാനം എടുക്കും. ആഗോളതലത്തിൽ ദീർഘദൂരം സഞ്ചരിക്കുന്ന (Long range Transport) ജൈവവ്യൂഹത്തിലൂടെ, പതിന്മടങ്ങ് സാന്ദ്രത കൂട്ടുന്ന (Bioaccumulation) പോപ്പ്സ് വിഷങ്ങൾ, അവ ഉപയോഗിക്കുന്നിടത്ത് മാത്രമല്ല ലോകത്തിന്റെ വിവിധ ഭാഗങ്ങളിലും മനുഷ്യനും പരിസ്ഥിതിക്കും പ്രശ്നങ്ങൾ ഉണ്ടാക്കുന്നതുകൊണ്ട് ആവശ്യമായ അന്താരാഷ്ട്രനിയന്ത്രണങ്ങൾ ഉണ്ടാക്കാനാണ് പോപ്പ്സ് കൺവെൻഷൻ ശ്രമിക്കുന്നത്. എൻഡോസൾഫാൻ കീടനാശിനി ഒരു പോപ്പ് രാസവസ്തു കൂടിയാണെന്നാണ് ഈ ശാസ്ത്രസമിതി കണ്ടെത്തിയത്.

അലാസ്കയിലെ മഞ്ഞുപാളികളിലും ജൈവവ്യൂഹത്തിലും കാണുന്ന എൻഡോസൾഫാൻ ഉയർത്തുന്ന ആശങ്കകളുമായി അലാസ്കയിൽ നിന്ന് Dr. Pam Miller, ന്യൂസിലൻഡിൽനിന്നുള്ള Dr. Meriel Watts തുടങ്ങി ഈ ലേഖകൻ ഉൾപ്പെടെ സന്നദ്ധസംഘടനകളെ പ്രതിനിധീകരിച്ച് 9 പേരും 10-ൽ അധികം വ്യവസായപ്രതിനിധികളും വിവിധ ഗവൺമെന്റിൽനിന്നുള്ള നിരീക്ഷകരും കമ്മിറ്റിയിലെ 29 അംഗങ്ങളും എന്നിവരും ഈ യോഗത്തിൽ പങ്കെടുക്കുകയുണ്ടായി. ഒക്ടോബർ 10-ാം തീയതി ഞായറാഴ്ച ആരംഭിച്ച മീറ്റിങ് ഒക്ടോബർ 15 വെള്ളിയാഴ്ച വൈകുന്നേരം 6 മണിക്കാണ് അവസാനിച്ചത്. എൻഡോസൾഫാൻ, Hexabromo Cyclododecane (HBCD), Short Chained Chlorinated Paraffins (SCCP) എന്നിവയാണ് പ്രസ്തുത മീറ്റിങ്ങിൽ ചർച്ചയ്ക്കെടുത്ത രാസവസ്തുക്കൾ.

ഏറ്റവും കൂടുതൽ തടസ്സവാദങ്ങളുമായി തീരുമാനങ്ങൾ എടുക്കാനാവാതെ അവസാനം വോട്ടിങ്ങിലൂടെ തീരുമാനം എടുക്കേണ്ടിവന്നത് ►

**ജനീവയിലെ ചർച്ചകളിൽ എൻഡോസൾഫാൻ വിഷമല്ലെന്നും പാൽ കഴിച്ചാൽ ആളുകൾ മരിക്കാൻ സാധ്യതയുള്ളതുപോലെ മാത്രമുള്ള സാധ്യതയാണ് എൻഡോസൾഫാൻ കൊണ്ടുള്ള ആരോഗ്യപ്രശ്നങ്ങൾ എന്നും എൻഡോസൾഫാൻ പ്രതിനിധി പറയുകയുണ്ടായി.**

എൻഡോസൾഫാന് ഇരയായ ബദിയടുക്കയിലെ പത്തുവയസ്സുകാരൻ അജിത്



ഫോട്ടോ: രാമനാഥ് പൈ

എൻഡോസൾഫാനെക്കുറിച്ചാണ്. മറ്റു രണ്ട് രാസവസ്തുക്കളെക്കുറിച്ചും വാദപ്രതിവാദങ്ങൾക്ക് ഒടുവിൽ വിട്ടുവീഴ്ചയിലൂടെ സമവായത്തിൽ എത്താൻ കമ്മിറ്റിക്ക് കഴിഞ്ഞു. എൻഡോസൾഫാൻ വിഷയത്തിൽ ഇന്ത്യയും എൻഡോസൾഫാൻ നിർമാതക്കളും തുടക്കം മുതൽ അവസാനം വരെ എൻഡോസൾഫാനെ രക്ഷിക്കാനായി വിട്ടുവീഴ്ചയില്ലാത്ത ശ്രമം നടത്തി. കഴിവതും സമവായ തീരുമാനങ്ങൾ വേണമെന്ന അധ്യക്ഷൻെറ താത്പര്യം കാരണം എൻഡോസൾഫാനെക്കുറിച്ചുള്ള തീരുമാനം ഏറെ നീണ്ടുപോയി. ജപ്പാൻ, കാനഡ, ബ്രസീൽ, അമേരിക്ക തുടങ്ങിയ രാജ്യങ്ങൾ അവർ എൻഡോസൾഫാൻ നിരോധിച്ച കാര്യവും നിരോധനം നടപ്പിലാക്കുന്നതിനായി സ്വീകരിക്കുന്ന പദ്ധതികളും സമ്മേളനത്തിൽ അവതരിപ്പിച്ചു.

ഒക്ടോബർ 13-ാം തീയതി ബുധനാഴ്ച എൻഡോസൾഫാൻെറ ഉപയോഗം നിരോധിച്ചതായി ഓസ്ട്രേലിയയും അറിയിച്ചു. എൻഡോസൾഫാൻ നിരോധിക്കാനായി ഓസ്ട്രേലിയയിൽ നടന്ന സമരങ്ങളിൽ കാസർകോട്ട് എൻഡോസൾഫാൻ ഉണ്ടാക്കിയ ആരോഗ്യപ്രശ്നങ്ങൾ വളരെ കാര്യമായിത്തന്നെ ചർച്ചചെയ്യപ്പെടുകയുണ്ടായി. 'ഓസ്ട്രേലിയ 60 minute' എന്ന ടി.വി. പരിപാടിക്കായി മുളിയാറിലും എൻമകജെയിലും എത്തി, ഡോ. മോഹൻകുമാറിനെ ഉൾപ്പെടെ കണ്ട് സിനിമ തയ്യാറാക്കി ഓസ്ട്രേലിയൻ ടി.വി.യിലൂടെ പലതവണ ജനങ്ങളിലേക്ക് എത്തിച്ചതിനെ കുറിച്ച്, ഓസ്ട്രേലിയയിൽ ഇതിന് നേതൃത്വം നല്കിയ ഡോ. മരിയൻ ലോയ്ഡ് സ്മിത്ത് പറഞ്ഞു. കാസർകോട്ട് 1998 മുതൽ 2006 വരെ നീണ്ട സമരകാലഘട്ടത്തിൽ നാട്ടുകാരുടെയും താത്പര്യമുള്ള വ്യക്തികളുടെയും ചെറിയ ചെറിയ സംഭാവനകളോടെയും മാധ്യമങ്ങളുടെ അകമഴിഞ്ഞ പിന്തുണയോടെയും ഒരു ജനകീയസമരമായി മാറി. ഇന്ന് സംസ്ഥാന സർക്കാരും കക്ഷിഭേദമെന്യേ എല്ലാവരും പിന്തുണയ്ക്കുന്ന, ഇനിയും ഏറെ പരിഹരിക്കാനും ചെയ്യാനും ഉള്ള, നമ്മുടെ ഒരു പാരിസ്ഥിതിക പ്രശ്നം മലയാളികളുടെ മുഴുവൻ ഇടപെടലുകളിലൂടെ മുന്നോട്ടുപോകുമ്പോൾ ആഗോളതലത്തിൽ എൻഡോസൾഫാൻ നിരോധനം വരുന്നു എന്നത് ഏറേ സന്തോഷകരമായി തോന്നുന്നു.

**എൻഡോസൾഫാന് എതിരായി ഉള്ള എല്ലാ പരാമർശങ്ങളും ഒഴിവാക്കാനായി ഇന്ത്യ നടത്തിയ ശ്രമം ഒരു രാജ്യം എന്നനിലയിൽ ഏറ്റവും പരിഹാസ്യമായ കാഴ്ചയായിരുന്നു. ശാസ്ത്രം വ്യവസായ താത്പര്യത്തിനുവേണ്ടി മാറ്റിവെച്ച നിമിഷങ്ങൾ.**

ജനിവയിൽ ചർച്ചകളിലെല്ലാംതന്നെ എൻഡോസൾഫാൻ വിഷമല്ലെന്നും ഒരു ഗ്ലാസ്സ് പാൽ കഴിച്ചാൽ ആളുകൾ മരിക്കാൻ സാധ്യതയുള്ളതുപോലെ മാത്രമുള്ള ഒരു സാധ്യതയാണ് എൻഡോസൾഫാൻ കൊണ്ടുള്ള ആരോഗ്യപ്രശ്നങ്ങൾ എന്നും എൻഡോസൾഫാൻ നിർമാതാക്കൾക്കുവേണ്ടി അവരുടെ പ്രതിനിധി പറയുകയുണ്ടായി. ഇന്ത്യയിലെ കൃഷിക്കാർ വിദ്യാഭ്യാസമില്ലാത്തവരാണെന്നും അവരെ പരിശീലിപ്പിക്കാൻ പ്രയാസമാണെന്നും അതുകൊണ്ടുതന്നെ ഇന്ത്യയിലെ കൃഷി മുന്നോട്ടുകൊണ്ടുപോകാൻ ഒഴിച്ചുകൂടാനാവാത്ത കീടനാശിനി ആണ് എൻഡോസൾഫാൻ എന്നും ഇന്ത്യയുടെ കാർഷികവകുപ്പിലെ പ്രതിനിധി വന്ദന ജെയിൻ പലതവണ പറയുകയുണ്ടായി. എൻഡോസൾഫാൻ ആരോഗ്യപ്രശ്നങ്ങൾ ഒന്നും ഉയർത്തുന്നില്ലെന്നും ഇന്ത്യയിൽ രജിസ്റ്റർ ചെയ്ത എല്ലാ കീടനാശിനികളും സുരക്ഷിതമാണെന്നും എൻഡോസൾഫാൻ നിരോധിക്കേണ്ടിവന്നാൽ പത്തുകോടിയിലധികം അമേരിക്കൻ ഡോളർ മൂല്യമുള്ള വ്യവസായം തകർന്നുപോകുമെന്നും ഇന്ത്യയിലെ ഓരോ ഹെക്ടർ കൃഷിസ്ഥലത്തും വർഷത്തിൽ ആറുതവണ വീതം എൻഡോസൾഫാൻ ഉപയോഗിക്കുന്നുവെന്നും എൻഡോസൾഫാന് പകരമായി ഒന്നുമില്ലെന്നുമാണ് പരിസ്ഥിതിവകുപ്പിൽ നിന്നുള്ള ചന്ദ ചൗധരിക്ക് പറയാൻ ഉണ്ടായിരുന്നത്. ഇത് തെളിയിക്കാൻ അവർ രേഖകൾ ഒന്നും സമർപ്പിച്ചതുമില്ല. കമ്മിറ്റി പരിഗണിച്ച നൂറുകണക്കിന് പ്രബന്ധങ്ങളുടെയും ഒരു വർഷത്തിലേറെ നീണ്ടുനിന്ന വിശകലനങ്ങളുടെയും ഒടുവിൽ കമ്മിറ്റി അംഗമായ ചന്ദ ചൗധരിയുടെ പ്രസ്താവന എല്ലാവരെയും ഞെട്ടിച്ചതായിരുന്നു. കഴിഞ്ഞ നാലുവർഷമായി ഇന്ത്യൻ പ്രതിനിധി സംസാരിക്കുമ്പോൾ സീറ്റിൻെറ തൊട്ടുപിറകിൽ ഇരുന്ന് ചെവിയിൽ എന്ത് സംസാരിക്കണമെന്ന് മന്ത്രിക്കുന്നത് കീടനാശിനി നിർമാതാക്കൾ ആണെന്നും കമ്മിറ്റിയുടെ മുൻപിൽ ഉള്ള വിവരങ്ങളോ സൂചനകളോ പരിഗണിക്കാനോ അവയിലെ തെറ്റുകൾ ചൂണ്ടിക്കാണിക്കാനോ ശ്രമിക്കാത്ത നിങ്ങളുടെ പരിസ്ഥിതിവകുപ്പ് എങ്ങനെയാണ് നാട്ടിലെ പരിസ്ഥിതി സംരക്ഷിക്കുന്നത് എന്നു ചോദിച്ച കമ്മിറ്റിയിലെ നിരീക്ഷകനായി എത്തിയ ഒരു സർക്കാർ പ്രതിനിധിയോട് എനിക്ക് മറുപടി പറയാനായില്ല. കേരളത്തിൽ എൻഡോസൾഫാൻ നിരോധിച്ചിട്ടുണ്ട് എന്നും 2003-നു ശേഷം കേരളത്തിൽ എൻഡോസൾഫാൻ നിരോധനം നിലവിൽ ഉണ്ടെന്നും വനംവകുപ്പ് മന്ത്രിയുടെയും കേരളാ മുഖ്യമന്ത്രിയുടെയും കത്തുകളും മറ്റ് തെളിവുകളും നല്കി എൻഡോസൾഫാൻ റിസ്ക് മാനേജ്മെൻറ് ഇവാലുവേഷൻ (Endosalfan Risk Management) രേഖയിൽ ഉൾപ്പെടുത്താൻ ആവശ്യപ്പെട്ടു. അത് ഒരു സന്നദ്ധ സംഘടനയുടെ ആവശ്യം മാത്രമെന്നും രേഖയിൽ ചേർക്കാൻ പറ്റില്ലെന്നും ഇന്ത്യൻ പ്രതിനിധികളും കീടനാശിനി കമ്പനികളും പറഞ്ഞു. എന്നാൽ അദ്ധ്യക്ഷന് മുഖ്യമന്ത്രിയുടെ കത്ത് ഉണ്ടായിരുന്നതുകൊണ്ട് ഇപ്പോൾ കേരളത്തിൽ എൻഡോസൾഫാൻ നിരോധനം ഇല്ലെങ്കിൽ കീടനാശിനി ഉപയോഗിക്കുന്നുണ്ടോ? ഞങ്ങൾ എന്താണ് വിശ്വസിക്കേണ്ടത് എന്ന ചോദ്യത്തിന് മറുപടിയായി ഇന്ത്യൻ പ്രതിനിധി 2006-ലെ ഉത്തരവിലൂടെ എൻഡോസൾഫാൻ ഉപയോഗം കേരളത്തിൽ തടഞ്ഞുവെച്ചിരിക്കുകയാണെന്നും അടുത്തമാസം തന്നെ ഒരുപക്ഷേ, ആരംഭിച്ചേക്കാം എന്നും പ്രസ്താവിച്ചു. ഒടുവിൽ ഒത്തുതീർപ്പായി എൻഡോസൾഫാൻ ഉപയോഗം കേരളത്തിൽ തടഞ്ഞുവെച്ചിരിക്കുകയാണെന്ന് എൻഡോസൾഫാൻ RME-യിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചു.

രാജ്യത്തെ ഏറ്റവും പ്രധാനപ്പെട്ട കീടനാശിനികളിലൊന്നാണ് എൻഡോസൾഫാൻ എന്നും, 2010-ൽ നടത്തിയ വിലയിരുത്തലിൽ തൊഴിലാളികൾക്കും പരിസ്ഥിതിക്കും ജനങ്ങൾക്കും ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്നതുകൊണ്ടുമാത്രം കർശന നിയന്ത്രണം ഏർപ്പെടുത്തി നിരോധിച്ച കീടനാശിനി മൂന്നു വർഷം കൊണ്ട് ബ്രസീലിൽ നിന്നും തുടച്ചുമാറ്റാൻ ആ രാജ്യം തീരുമാനിച്ചതിനെക്കുറിച്ച് ബ്രസീലിയൻ പ്രതിനിധി പറഞ്ഞു. അദ്ദേഹത്തിന് ഇംഗ്ലീഷ് സംസാരിക്കാൻ പ്രയാസമായിരുന്നു. എന്നാൽ തികഞ്ഞ നയതന്ത്രബോധത്തോടെ എല്ലാവരെയും കേട്ട് ഏറ്റവും ശക്തമായി തൻെറ അഭിപ്രായം അദ്ദേഹം പ്രകടിപ്പിച്ചു. ബ്രസീലിൻെറ പ്രതിനിധി ജോസ് സൊലാ വാസ്ക്വസ് ജൂനിയർ രാജ്യത്തിൻെറ ശബ്ദമാകുന്നതും കാണാൻ കഴിഞ്ഞു. ഇന്ത്യക്ക് ഇത് കണ്ടുപഠിക്കാമെന്ന് തോന്നി.

1956-ൽ ബോംബെയിൽ നിന്ന് കൊച്ചിയിലേക്ക് വന്ന എസ്.എസ്. ജയ്ഹിന്ദ് എന്ന കപ്പലിലെ ആഹാരസാധനങ്ങളിൽ ഫോളിഡോൾ എന്ന കീടനാശിനി കലരുകയും നൂറിലധികം പേർ മരിക്കുകയും ചെയ്തിരുന്നു. തുടർന്ന് അന്നത്തെ പ്രധാനമ

**യു.എൻ.ഇ.പി. അംഗീകരിച്ച ഇന്ത്യയിൽ നിന്നുള്ള സന്നദ്ധസംഘടനയായ 'തണലി'ൻെറ പ്രതിനിധിയായി ലേഖകൻ കഴിഞ്ഞ പത്തു വർഷമായി സ്റ്റോക്ഹോം കൺവെൻഷനിൽ പങ്കെടുത്തു വരുന്നു.**

ന്ത്രി ജവഹർലാൽ നെഹ്റു നിയമിച്ച ജസ്റ്റിസ് ഷാ കമ്മിഷനാണ് ഒരു കീടനാശിനി നിയമം വേണമെന്ന് ശുപാർശ ചെയ്യത്. 1968-ൽ ഉണ്ടാക്കിയ ഈ നിയമം ഈ നിയമം പക്ഷേ, കീടനാശിനികളെ നിയന്ത്രിക്കുന്നതിനു പകരം അവയുടെ ഉപയോഗത്തിന് നിയമസാധുത നല്കുന്ന ഒന്നായി മാറി, അഥവാ അങ്ങനെ മാറ്റാൻ കീടനാശിനി നിർമാതാക്കൾക്ക് കഴിഞ്ഞു. ഈ നിയമത്തിനുശേഷം ഉണ്ടായ ഭരണഘടന ഭേദഗതികളും, പരിസ്ഥിതി സംരക്ഷണ നിയമവും പരിസ്ഥിതി സംരക്ഷണത്തിനും പൗരന്മാരുടെ ആരോഗ്യത്തിനും പ്രാധാന്യം നല്കുന്നുണ്ടെങ്കിലും കീടനാശിനി നിയമവും അത് നിയന്ത്രിക്കുന്ന കീടനാശിനി നിർമാതാക്കളും നമ്മെയും നമ്മുടെ പരിസ്ഥിതിയെയും വിഷമയമാക്കുകയാണ്. ഇവ അന്താരാഷ്ട്ര ഉടമ്പടികളെയും നിയമങ്ങളെയും തകിടംമറിക്കാൻ ശ്രമിക്കുമ്പോൾ, പരിസ്ഥിതി സംരക്ഷിക്കാൻ ബാധ്യതയുള്ള കേന്ദ്ര പരിസ്ഥിതിവകുപ്പാകട്ടെ എൻഡോസൾഫാൻ നിർമാതാക്കളുടെ സംരക്ഷണത്തിനും സഹായത്തിനുമുള്ള വകുപ്പായി അധഃപതിക്കുകയുമാണ്. ഈ കാഴ്ച വേദനയോടെ കണ്ടിരിക്കേണ്ടിവന്ന അഞ്ച് ദിവസങ്ങളായിരുന്നു ജനീവയിൽ.

എൻഡോസൾഫാൻ നിരോധിക്കുകയാണെങ്കിൽ പകരം എന്തൊക്കെ ഉപയോഗിക്കാൻ കഴിയും എന്ന ചോദ്യത്തിന് മറുപടിയായി ഏകദേശം 85-ഓളം രാസകീടനാശിനികളും നിരവധി ജൈവകീടനാശിനികളും പാരമ്പര്യകാർഷിക രീതികളും നിലവിൽ ഉണ്ട് എന്ന വിവരം പരിഗണിക്കുമ്പോഴും ഇന്ത്യൻ പ്രതിനിധികൾക്ക് സഹിക്കാൻ പറ്റുന്നുണ്ടായിരുന്നില്ല. ലോകത്ത് ഉത്പാദിപ്പിക്കുന്ന ജൈവപരുത്തിയുടെ പകുതിയിലധികം ഇന്ത്യയാണ് ഉത്പാദിപ്പിക്കുന്നതെന്നും ഇന്ത്യയിൽ 2007-08 വർഷത്തിൽ ഇവയുടെ വളർച്ച 292% ആണെന്നും, ആന്ധ്രാപ്രദേശിൽ 3 ലക്ഷം കൃഷിക്കാർ CMSA (Community Managed Sustainable Agriculture) പ്രാവർത്തികമാക്കിയതുവഴി കാർഷിക ചെലവിൽ 66% കുറവുണ്ടായി എന്നതും എല്ലാതരം കീടനാശിനികളും അവർക്ക് ഒഴിവാക്കാനായി എന്നതും 2008-09 വർഷത്തിൽ ഇതുവഴി സംസ്ഥാനത്ത് മൊത്തമായി 38.6 ദശലക്ഷം ഡോളറിന് തുല്യമായ ലാഭമുണ്ടാക്കാനായി എന്നുള്ള പ്രബന്ധങ്ങളും റിപ്പോർട്ടുകളും സൂചനകളും കമ്മിറ്റി അംഗീകരിച്ച രേഖയിൽനിന്ന് നീക്കം ചെയ്യാനും എൻഡോസൾഫാന് എതിരായി ഉള്ള എല്ലാ പരാമർശങ്ങളും ഒഴിവാക്കാനുമായി ഇന്ത്യ നടത്തിയ



ഫോട്ടോ: ബിജു വർഗീസ്

ശ്രമം ഒരു രാജ്യം എന്നനിലയിൽ ഏറ്റവും പരിഹാസ്യമായ കാഴ്ചയായിരുന്നു. ശാസ്ത്രം വ്യവസായ താത്പര്യത്തിനുവേണ്ടി മാറ്റിവെച്ച നിമിഷങ്ങൾ. കീടനാശിനി കമ്പനികളുടെ വക്താക്കൾ ആകാതെ ജനങ്ങളുടെ വക്താക്കൾ ആകാനും, ഉപയോഗിച്ച് പ്രശ്നങ്ങൾ കണ്ടെത്തി വേണ്ട എന്ന് ലോകം തീരുമാനിക്കാൻ ശ്രമിക്കുമ്പോൾ അതിനു തടസ്സം നില്ലാതെ നമ്മുടെ ഏറ്റവും ഉയർന്ന ഭാരതീയമൂല്യം ഉയർത്തിക്കൊണ്ട് ലോകത്തെ വിഷമുക്തമാക്കാനുള്ള ശ്രമങ്ങൾക്ക് അനുകൂലമായി പ്രവർത്തിക്കണമെന്നാണ് കേരള മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ പ്രധാനമന്ത്രിക്ക് എഴുതിയ കത്തിൽ ആവശ്യപ്പെട്ടത്. ഇതിന്റെ കോപ്പി സമ്മേളനപ്രതിനിധികൾ ഏറെ താത്പര്യത്തോടെ വായിക്കുകയും കേരള വനംവകുപ്പ് മന്ത്രിയെയും മുഖ്യമന്ത്രിയെയും അഭിനന്ദിക്കുകയും ചെയ്യത് ഈ മീറ്റിങ്ങിലെ ഏറ്റവും നല്ല ഓർമകളിൽ ഒന്നാണ്. 1956-ൽ കീടനാശിനി കലർന്ന ആഹാരം കഴിച്ച 100 പേരുടെ മരണം ദേശീയ കീടനാശിനി നിയമത്തിന് ഇടയാക്കിയെങ്കിൽ 500-ൽ അധികം ആളുകൾ മരിക്കുകയും 2000-ൽ അധികം ആളുകൾ മാറാരോഗികളാകുകയും 11 പഞ്ചായത്തുകളുടെ പരിസ്ഥിതിയും പൊതുജനാരോഗ്യവും നശിക്കുകയും ചെയ്യ കാസർകോട് അവിടത്തെ ജനങ്ങളുടെയും കേരളത്തിന്റെ പൊതുസമൂഹത്തി

**എൻഡോസൾഫാന് ലോകമെമ്പാടും നിരോധനം ഏർപ്പെടുത്താൻ ഉള്ള ശ്രമത്തിന് കാസർകോട് ആക്കം പകരുമ്പോൾ അഭിമാനിക്കാൻ അല്ലാതെ മലയാളിക്ക് എന്ത് ചെയ്യാൻ പറ്റും? ഈ മീറ്റിങ്ങിൽ പങ്കെടുത്ത എനിക്ക് ഇന്ത്യക്കാരനായി നാണിക്കാനും.**

ന്റെയും ശക്തമായ ഇടപെടലിലൂടെ എൻഡോസൾഫാൻ എന്ന കീടനാശിനിക്ക് ലോകമെമ്പാടും നിരോധനം ഏർപ്പെടുത്താൻ ഉള്ള ശ്രമത്തിന് ആക്കം പകരുമ്പോൾ അഭിമാനിക്കാൻ അല്ലാതെ മലയാളിക്ക് എന്ത് ചെയ്യാൻ പറ്റും? ഈ മീറ്റിങ്ങിൽ പങ്കെടുത്ത എനിക്ക് ഇന്ത്യക്കാരനായി നാണിക്കാനും. ■